# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 408 — 28.10.2019-ൽ മറുപടിക്ക്

## പ്രളയാനന്തരം ആറന്മുളയിൽ കണ്ടെത്തിയ ശിൽപങ്ങൾ

**ചോദ്യം**

ശ്രീമതി.വീണാ ജോർജ്ജ്

**ഉത്തരം**

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
ബഹു.തുറമുഖവും മ്യൂസിയവും
പുരാവസ്തു സംരക്ഷണവും, പുരാരേഖയും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | പ്രളയാനന്തരം ആറന്മുളയിൽ ശിൽപങ്ങൾ കണ്ടെത്തിയതിനെ ത്തുടർന്ന് നടത്തിയ ഉത്ഖനനത്തിന്റെ രണ്ടാം ഘട്ടം എപ്പോൾ ആരംഭിക്കുവാൻ സാധിക്കും; വ്യക്തമാക്കാമോ; | (എ) | ആറന്മുളയിൽ സംസ്ഥാന പുരാവസ്തു വകുപ്പ് നടത്തിയ സാൽവേജ് എക്സ്കവേഷന്റെ രണ്ടാം ഘട്ടമായുള്ള ഉത്ഖനനത്തിന് ആർക്കിയോളജിക്കൽ സർവ്വേ ഓഫ് ഇൻഡ്യയുടെ ലൈസൻസ് ആവശ്യമാണ്. ആയതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | ഇത് സംബന്ധിച്ച് കേന്ദ്രത്തിൽ നിന്നുള്ള അനുമതി ലഭ്യമായിട്ടുണ്ടോ; | (ബി) | ലഭ്യമായിട്ടില്ല. |
| (സി) | ഇപ്രകാരം കണ്ടെടുത്ത ശിൽപങ്ങളുടെ കാലപ്പഴക്കം നിർണയിക്കുന്നതിനുള്ള പരിശോധന നടത്തുന്നതിന് കഴിഞ്ഞിട്ടുണ്ടോ: വ്യക്തമാക്കാമോ: | (സി) | കാലപ്പഴക്കം നിർണയിക്കുന്നതിനുള്ള പരിശോധന നടത്താൻ കഴിഞ്ഞിട്ടില്ല. ആർക്കിയോളജിക്കൽ സർവ്വേ ഓഫ് ഇൻഡ്യയുടെ അംഗീകാരം ലഭിച്ച ശേഷം തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |
| (ഡി) | എവിടെയാണ് പ്രസ്തുത പരിശോധന നടത്തുന്നതെന്ന് വ്യക്തമാക്കാമോ? | (ഡി) | ലഭ്യമായ പുരാവസ്തുക്കളുടെയും പൗരാണിക അവശിഷ്ടങ്ങളുടെയും പരിശോധന M/s Wadia Institute of Himalayan Geology, Dehradun മുഖേനയാണ് വകുപ്പ് നടത്താനുദ്ദേശിക്കുന്നത്. ആയതിലേക്ക് ആവശ്യമായ അനൗപചാരിക ചർച്ചകൾ പൂർത്തിയായിട്ടുണ്ട്. 7 മുതൽ 8 മാസം വരെ സമയം എടുത്ത് മാത്രമേ ടി പരിശോധനകൾ പൂർത്തിയാക്കാൻ സാധിക്കു എന്ന് ടി സ്ഥാപനം അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ